# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1467 — 03/10/2016-ൽ മറുപടിക്ക്

## ഫാർമസി പ്രാക്ടീസ് റഗുലേഷൻ ആക്ട് 2015

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| എ) ഫാർമസി പ്രാക്ടീസ് റഗുലേഷൻ ആക്ട് 2015 നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്; | എ) | ഫാർമസി പ്രാക്ടീസ് റഗുലേഷൻ ആക്ട് 2015- ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കണമെന്ന്, 21.10.2015 ലെ 251991/എഫ്1/2015/ആ.കു.വ സർക്കുലർ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, രജിസ്ട്രാർ, കേരള സംസ്ഥാന ഫാർമസി കൗൺസിൽ എന്നിവർക്ക് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) 8 മണിക്കൂറിൽ കൂടുതൽ പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പുകളിൽ ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | രാജ്യത്തെ എല്ലാ മരുന്നു വിൽപ്പന ശാലകളും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും, റൂളും പ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസുകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി നിയമപ്രകാരം റീട്ടെയിൽ മരുന്നു വ്യാപാരത്തിനുള്ള ഒരു ലൈസൻസ്ഡ് പ്രെമിസസിൽ അതാത് സംസ്ഥാനത്തെ ഫാർമസി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം അനിവാര്യമാണ്. ഒരു വ്യാപാര സ്ഥാപനത്തിൽ ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമാക്കണമെന്ന് അനുശാസിക്കാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മിക്ക ആശുപത്രികളിലെ ഫാർമസികളിലും വ്യാപാരം കൂടുതലുള്ള മരുന്നു വിൽപ്പനശാലകളിലും ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റിനെ സ്വമേധയാ നിയമിച്ചു വരുന്നതായി കാണുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | ക്ലിനിക്കുകൾക്ക് ഡ്രഗ് ലൈസൻസ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ; | സി) | മരുന്നുകൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്ന എല്ലാ ആശുപത്രികൾക്കും, ക്ലിനിക്കുകൾക്കും ഡ്രഗ്സ് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർക്ക് തന്റെ രോഗികൾക്ക് നേരിട്ട് മരുന്ന് നൽകുന്നതിലേയ്ക്കായി മരുന്ന് സ്റ്റോക്ക് ചെയ്യുന്നതിന് ഡ്രഗ് ലൈസൻസ് ആവശ്യമില്ലായെന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ 'കെ' പ്രകാരം നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇത്തരത്തിലുള്ള ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഒന്നിൽ കൂടുതൽ ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്ന ആശുപത്രികളിൽ ഓപ്പൺ കൗണ്ടർ വഴി മരുന്നുകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കും നിർബന്ധമായും ലൈസൻസ് വേണമെന്ന നിബന്ധന കർശനമായി നടപ്പിലാക്കുന്നുണ്ട്. |
| ഡി) | മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ (ഹോൾസെയിൽ കടകളിൽ) ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | മരുന്ന് സംഭരണ കേന്ദ്രങ്ങൾക്ക് (ഹോൾസെയിൽ കടകൾക്ക്) ലൈസൻസ് അനുവദിക്കുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിന്റെ നിയമങ്ങൾക്ക് വിധേയമായാണ്. എസ്.എസ്.എൽ.സി പാസ്സായിട്ടുള്ളതും നാല് വർഷത്തിൽ കുറയാതെ ഏതെങ്കിലും മരുന്ന് വ്യാപാര സ്ഥാപനത്തിൽ മരുന്നുകൾ കൈകാര്യം ചെയ്ത് പ്രവർത്തി പരിചയമുള്ളതോ/ ഡിഗ്രി പാസ്സായിട്ടുള്ളതും ഒരു വർഷത്തിൽ കുറയാതെ ഏതെങ്കിലും മരുന്ന് വ്യാപാര സ്ഥാപനത്തിൽ മരുന്നുകൾ കൈകാര്യം ചെയ്ത് പ്രവർത്തി പരിചയമുള്ളതോ/ രജിസ്റ്റേർഡ് ഫാർമസിസ്റ്റോ ആയ വ്യക്തിയെ കോംപിറ്റന്റ് പേഴ്സൺ ആയി നിയമിച്ച് സേവനം ഉറപ്പിച്ചാൽ മാത്രമേ ഹോൾസെയിൽ ലൈസൻസ് അനുവദിക്കാവൂ എന്നാണ് നിലവിലെ വ്യവസ്ഥ. ഇതു തന്നെയാണ് രാജ്യത്തുടനീളമുള്ള വ്യാപാര സ്ഥാപനങ്ങളിലും നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ